**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1070** **06-02-2023 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിലെ കളിവീട് അംഗനവാടി കെട്ടിട നിർമ്മാണത്തിന് ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | നാദാപുരം മണ്ഡലത്തിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിലെ കളിവീട് അംഗനവാടി കെട്ടിട നിർമ്മാണത്തിന് ഇറിഗേഷൻ വകുപ്പിൽ നിന്നും ഭൂമി ലഭ്യമാക്കുവാൻ നൽകിയ അപേക്ഷയിന്മേൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | നാദാപുരം മണ്ഡലത്തിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിലെ കളിവീട് അംഗൻവാടി കെട്ടിട നിർമ്മാണത്തിന് ഭൂമി അനുവദിക്കുന്നതിനായുള്ള അപേക്ഷയിൽ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. തുടർന്ന് സർക്കാരിൽ നിന്നും സാമൂഹ്യ നീതി വകുപ്പിന്റെ ശുപാർശ ഉൾപ്പെടെ പ്രൊപ്പോസൽ ആവശ്യപ്പെട്ട പ്രകാരം ആയതുൾപ്പെടെ ചീഫ് എഞ്ചിനീയറിൽ നിന്നും ലഭിച്ച കത്തിന്റെ അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ട് ചീഫ് എഞ്ചിനീയർ, പ്രോജക്ട് 1-നോട് ആവശ്യപ്പെട്ടിരിക്കുകയാണ്. |
| (ബി) | ഭൂമി എന്നത്തേയ്ക്ക് ലഭ്യമാക്കുവാൻ കഴിയുമെന്ന് പറയാമോ? | (ബി) | നാദാപുരം മണ്ഡലത്തിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിലെ കളിവീട് അംഗൻവാടി കെട്ടിട നിർമ്മാണത്തിന് ഭൂമി അനുവദിക്കുന്നതിനായുള്ള അപേക്ഷയിൽ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. തുടർന്ന് സർക്കാരിൽ നിന്നും സാമൂഹ്യ നീതി വകുപ്പിന്റെ ശുപാർശ ഉൾപ്പെടെ പ്രൊപ്പോസൽ ആവശ്യപ്പെട്ട പ്രകാരം ആയതുൾപ്പെടെ ചീഫ് എഞ്ചിനീയറിൽ നിന്നും ലഭിച്ച കത്തിന്റെ അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ട് ചീഫ് എഞ്ചിനീയർ, പ്രോജക്ട് 1-നോട് ആവശ്യപ്പെട്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ